**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4661** **20. 10.11 ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം തുറമുഖ പദ്ധതി സമയബന്ധിതമായി നടപ്പാക്കാൻ നടപടി**

**ചോദ്യം**

ശ്രീ. റോഷി അഗസ്റ്റിൻ

ശ്രീ.പി.സി.ജോർജ്.

ശ്രീ.തോമസ് ഉണ്ണിയാടൻ

**മറുപടി**

ശ്രീ. കെ.ബാബു

( എക്സൈസും തുറമുഖവും വകുപ്പു മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ | വിഴിഞ്ഞം തുറമുഖ പദ്ധതി കാലതാമസം കൂടാതെ നടപ്പാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ; | എ | വിഴിഞ്ഞം തുറമുഖ പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കുന്നതാണ്.<br>1. കേന്ദ്ര പാരിസ്ഥിതിക മന്ത്രാലയം അംഗീകരിച്ചിട്ടുള്ള TOR പ്രകാരം L&T Ramboll ഉം IFC യും നടത്തിവരുന്ന Additional പഠനം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.<br>2. ഭൂമി ഏറ്റെടുക്കൽ നടപടികൾ ത്വരിതപ്പെടുത്തിയിട്ടുണ്ട്.<br>3. പദ്ധതിക്കാവശ്യമായ ജലം, വൈദ്യുതി, എന്നിവ എത്തിക്കുന്നതിനും റോഡ്, റെയിൽ കണക്ടിവിറ്റി ഒരുക്കുന്നതിനുമുള്ള നടപടികൾ പൂർത്തീകരിക്കുന്നതിന് ബന്ധപ്പെട്ടവരുമായി ചർച്ചകൾ നടത്തി നടപടി വേഗത്തിലാക്കിയിട്ടുണ്ട്.<br>4. പാരിസ്ഥിതിക അനുമതി ലഭിച്ചാലുടൻ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് കഴിയുന്ന തരത്തിൽ EPC കോൺട്രാക്ടറെ നിശ്ചയിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br>5. സൂപ്പർ സ്ട്രക്ച്ചർ നിർമ്മാണത്തിനും പോർട്ട് ഓപ്പറേറ്റ് ചെയ്യുന്നതിനുമുള്ള സ്വകാര്യ പങ്കാളിയെ കേന്ദ്ര സർക്കാർ സുരക്ഷാ അനുമതി ലഭ്യമാക്കുന്ന മുറയ്ക്ക് നിശ്ചയിക്കുന്നതിന് കഴിയും വിധം നടപടികൾ പുരോഗമിക്കുന്നു. |

| | | | |
|---|---|---|---|
| | | | 6. പദ്ധതിക്കാവശ്യമായ പണം സ്വരൂപിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തിയിട്ടുണ്ട്. |
| ബി | വിഴിഞ്ഞം പദ്ധതിയിലൂടെ കേരളത്തിന് കൈവരുന്ന നേട്ടങ്ങൾ പരിഗണിച്ച് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ സംയുക്താഭിമുഖ്യത്തിൽ ഈ പദ്ധതി നടപ്പാക്കുന്നതിന് നടപടി ഉണ്ടാകുമോ ? | ബി | കേന്ദ്ര സർക്കാരിന്റെ മേജർ തുറമുഖ പദ്ധതിയിൽ വിഴിഞ്ഞം തുറമുഖ പദ്ധതി ഉൾപ്പെടുത്തി പദ്ധതിക്ക് ധനസഹായം ഓഹരി പങ്കാളിത്തമായോ ഗ്രാന്റായോ ലഭ്യമാക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. കേന്ദ്രത്തിൽ നിന്ന് ഓഹരി പങ്കാളിത്തം ലഭിക്കുകയാണെങ്കിൽ പദ്ധതി ഒരു കേന്ദ്ര സംസ്ഥാന സംയുക്ത സംരംഭമായി മാറുന്നതാണ്. |

സെക്ഷൻ ഓഫീസർ